# പതിമൂന്നാം കേരള നിയമസഭ - ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2053 12/02/2013 - ൽ മറുപടിക്ക്

## അക്വാക്ലിനിക്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി:<br>,, വി. റ്റി. ബൽറാം:<br>,, ഹൈബി ഈഡൻ:<br>,, ആർ. സെൽവരാജ്: | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) അക്വാ ക്ലിനിക്ക് സ്ഥാപിക്കാനു ദ്ദേശിക്കുന്നുണ്ടോ ;വിശദമാക്കാമോ ; | (എ) സംസ്ഥാനത്ത് ഒരു അക്വാട്ടിക് ആനിമൽ ഹെൽത്ത് & എൻവയോൺമെന്റ് മാനേജ്മെന്റ് ലബോറട്ടറി സ്ഥാപിക്കുന്നതിനുവേണ്ടി കേരള ജല കൃഷി വികസന ഏജൻസി (അഡാക്ക്) പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിരേഖ ദേശീയ മത്സ്യ വികസന ബോർഡിന്റെ ധനസഹായത്തിനായി സമർപ്പിച്ചിരിക്കുകയാണ്. ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റി (ഫിർമ) മുഖേനയും ഇത്തരമൊരു ലബോറട്ടറി സ്ഥാപിക്കുന്നതിനും ദേശീയ മത്സ്യ വികസന ബോർഡിന്റെ അംഗീകാരം തേടിയിട്ടുണ്ട്. കൂടാതെ കേരള ഫീഷറീസ് - സമുദ്ര പഠന സർവകലാശാലയും ഇത്തരമൊരു ലബോറട്ടറി സ്ഥാപിക്കുന്നതിന് ധന സഹായം അഭ്യർത്ഥിച്ച് ദേശീയ മത്സ്യ |

വികസന ബോർഡിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ജലകൃഷി ചെയ്യുമ്പോൾ ജലജീവികൾക്കുണ്ടായേക്കാവുന്ന രോഗങ്ങൾക്ക് പ്രതിരോധ സംവിധാനങ്ങൾ ആവിഷ്ക്കരിക്കുക, രോഗം പടർന്ന് പിടിക്കുന്നത് തടയുകയും അതുവഴി ജലകൃഷിയിൽ നിന്നുമുള്ള ഉല്പാദനം വർദ്ധിപ്പിക്കുക, മത്സ്യ/ചെമ്മീൻ മുതലായവയുടെ വിത്തുകളുടെ ഗുണനിലവാരം പരിശോധിക്കുക, ആരോഗ്യകരമായ വളർത്ത് ശീലങ്ങൾ ഉറപ്പാക്കുകയും തന്മൂലം ഗുണനിലവാരമുള്ള ഉല്പാദനം ഉറപ്പാക്കുകയും, പ്രത്യക്ഷമായും പരോക്ഷമായും ജലകൃഷിയിലും അനുബന്ധ മേഖലകളിലും തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുകയും ചെയ്യുക എന്നിവയാണ് പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.

(സി) ഇത് സ്ഥാപിക്കാനുദ്ദേശിക്കുന്നത് എവിടെയാണ്; വിശദമാക്കാമോ ;

(സി) ഫിഷറീസ് വകുപ്പിന്റെ അധീനതയിൽ എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ തേവരയിലുള്ള ഉപയോഗശൂന്യമായ ഫിഷർമെൻ ട്രെയിനിംഗ് സെന്റർ കെട്ടിടം പുനർനിർമ്മിച്ചാണ് അഡാക്ക് മുഖേന ലബോറട്ടറി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. കൊച്ചിയിലെ സർവകലാശാല ആസ്ഥാനത്ത് ലബോറട്ടറി സ്ഥാപിക്കു

ന്നതിനാണ് കേരള സമുദ്ര പഠന സർവകലാശാലയും പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത്.

(ഡി) ഇതിന് എന്തെല്ലാം കേന്ദ്ര ധന സഹായമാണ് ലഭിക്കുന്നത്?

(ഡി) 56 ലക്ഷം രൂപ അടങ്കൽ വരുന്ന പ്രൊപ്പോസൽ ആണ് ദേശീയ മത്സ്യ വികസന ബോർഡിന്റെ ധനസഹായത്തിനായി സമർപ്പിച്ചിരിക്കുന്നത്.

സെക്ഷൻ ഓഫീസർ